സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി

65 (217) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാവപ്പെട്ടവരായ ഒരു ലക്ഷം അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) എന്ന് മുതൽക്കാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന് എന്തു സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതിനാവശ്യമായ ഫണ്ട് എങ്ങനെ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) സൗജന്യ വൈദ്യുതി കണക്ഷനുവേണ്ടിയുള്ള ഉപഭോക്താവിനെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം പേർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ സാമ്പത്തിക വർഷത്തിൽ

(ഡി) കണക്കാക്കി വരുന്നതേയുള്ളൂ.

(ഇ) ആർ.ഇ.സി.യുടെ കൂടി സഹായത്തോടെ.

(എഫ്) ദാരിദ്ര്യരേഖയ്ക്ക് താഴെയെന്ന് അധികൃതർ സാക്ഷ്യപ്പെടുത്തുന്നവരെയാണ് ഇപ്രകാരം തിരഞ്ഞെടുക്കുന്നത്.

വൈദ്യുതി മിച്ച സംസ്ഥാനമാക്കാനുള്ള നടപടി

66 (218) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിൽ വൈദ്യുതി മിച്ചമുള്ള സംസ്ഥാനമെന്ന പദവിയിലേക്ക് കേരളത്തെ എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് എപ്രകാരം സാദ്ധ്യമാക്കാമെന്ന് ഏറ്റവും ഒടുവിലത്തെ പവർ സർവ്വേയെ അടിസ്ഥാനമാക്കി വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപ്പുവർഷം സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിക്കിട ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് പ്ലാനിംഗ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വൈദ്യുതി ബോർഡിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ;

(ഇ) വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളും കോർപ്പറേറ്റ് ആഫീസുമായി വിഭജിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ ജലവൈദ്യുതി പദ്ധതികളിൽ നിന്നും താപനിലയങ്ങളിൽ നിന്നുമായി മൊത്തം സ്ഥാപിതശേഷി 2384.14 മെഗാ വാട്ട് ആണ്. കേന്ദ്ര വിഹിതമായി ലഭിക്കുന്നത് 464 മെഗാവാട്ടാണ്. ഇത് രണ്ടും കൂടി ചേർന്ന് സംസ്ഥാനത്തിന് ലഭ്യമാക്കാൻ കഴിയുന്ന വൈദ്യുതി പ്രതിവർഷം 14,473.7 ദശലക്ഷം യൂണിറ്റാണ്. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 16-ാം സർവ്വേ പ്രകാരം രണ്ടായിരമാണ്ടിൽ ഉണ്ടാകേണ്ട സ്ഥാപിതശേഷി 2538 മെഗാവാട്ടും വൈദ്യുതി 13,784 ദശലക്ഷം യൂണിറ്റുമാണ്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതി നയത്തിന്റെ ഭാഗമായാണ് ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ പ്രോഫിറ്റ്, സെന്ററുകളും കോർപ്പറേറ്റ് ഓഫീസുമായി പുന:സംഘടിപ്പിച്ചിട്ടുള്ളത്. ഓരോ പ്രോഫിറ്റ് സെന്ററിന്റേയും തലവൻ അതാത് വിഭാഗത്തിന്റെ ബോർഡ് മെമ്പറും, കോർപ്പറേറ്റ് ആഫീസിന്റെ തലവൻ ചെയർമാനുമാണ്. ഓരോ പ്രോഫിറ്റ് സെന്ററിലും ക്രയവിക്രയം ചെയ്യുന്ന വൈദ്യുതിയുടെ അളവ് കൃത്യമായി സൂക്ഷിക്കുകയും ഓരോ പ്രോഫിറ്റ് സെന്ററിൽ നിന്നും കൈമാറ്റം ചെയ്യപ്പെടുന്ന വൈദ്യുതിക്ക് വില നിശ്ചയിക്കുകയും ചെയ്യുക എന്നുള്ളതാണ് പ്രധാന നിർദ്ദേശം. ഇതിന്റെ ഫലമായി ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ മേഖലകളിൽ ഓരോന്നിലും ഉണ്ടാകുന്ന കോട്ടങ്ങൾ അപ്പപ്പോൾ കണ്ടെത്തി അവ നേരെയാക്കി ബോർഡിന്റെ കാര്യക്ഷമത മൊത്തത്തിൽ മെച്ചപ്പെടുത്തുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly